# KERALA ELECTRICITY EMPLOYEES' CONFEDERATION
## INTUC

KEEC

(Reg. No. 01-14/87 - Aff. 10485)
V.P MARAKKAR SMARAKA MANDIRAM
AMBUJAVILASOM ROAD, THIRUVANANTHAPURAM - 695 001
E-mail : keecintuchq@gmail.com, Web: www.intuckeec.com, Facebook : KEEC INTUC, YouTube: Keec intuc

| PATRON | PRESIDENT | WORKING PRESIDENT | GENERAL SECRETARY |
|---|---|---|---|
| K. MURALEEDHARAN Ex.M.P | K.P DHANAPALAN Ex.M.P | Adv. SIBYKUTTY FRANCIS | SHAMEEM NATIAMANGALAM |
| | 9447083300 | 9447303578 | 9495018535 |


No. KEEC/GL/2026/07

തിരുവനന്തപുരം
03.02.2026

സ്വീകർത്താവ്

ബഹു. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ
കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
വൈദ്യുതിഭവനം, പട്ടം
തിരുവനന്തപുരം

സർ,

**വിഷയം : കെഎസ്ഇബി ലിമിറ്റഡിലെ ഹിതപരിശോധന കാലാവധി കഴിഞ്ഞതിനാൽ പ്രമുഖ രജിസ്ട്രേഡ് സംഘടനകളെയെല്ലാം ചർച്ചകളിൽ പങ്കെടുപ്പിക്കുന്നത് സംബന്ധിച്ച്.**

**സൂചന** :
1. കേരള റെക്കഗ്നിഷൻ ഓഫ് ട്രേഡ് യൂണിയൻ ആക്ട് 2010
2. കേരള റെക്കഗ്നീഷൻ ഓഫ് ട്രേഡ് യൂണിയൻ റൂൾസ് 2011

കെ.എസ്.ഇ.ബി. ലിമിറ്റഡിൽ ഏറ്റവും ഒടുവിൽ ഹിതപരിശോധന നടന്നത് 28.04.2022 നാണ്. പ്രസ്തുത ഹിതപരിശോധനയുടെ വോട്ടെണ്ണൽ ഫലം നടത്തി പ്രഖ്യാപിച്ചത് 30.04.2022 നാണ്. നിശ്ചിത ശതമാനം വോട്ട് കരസ്ഥമാക്കിയ യൂണിയന് ബഹു.ട്രേഡ് യൂണിയൻ രജിസ്ട്രാർ 07.07.2022 ന് ഫോറം 'D'യിലുള്ള റെക്കഗ്നീഷൻ സർട്ടിഫിക്കറ്റും 02.08.2022 ന് കെഎസ്ഇബി ചെയർമാൻ & മാനേജിംഗ് ഡയറക്ടർ ഫോറം 'F'ലുള്ള റെക്കഗ്നീഷൻ സർട്ടിഫിക്കറ്റും അനുവദിച്ചിരുന്നു.

സൂചന (1) നിയമത്തിലെ വകുപ്പ് 9(3) പ്രകാരം തൊഴിലുടമ റെക്കഗ്നീഷൻ സർട്ടിഫിക്കറ്റ് നൽകിയ തീയതിക്ക് ശേഷം 3 വർഷം കാലയളവിലേക്ക് മാത്രമേ റെക്കഗ്നീഷൻ സർട്ടിഫിക്കറ്റിന് പ്രാബല്യമുണ്ടായിരിക്കുകയുള്ളൂ. പ്രസ്തുത കാലാവധി 22.04.2025 ന് തീർന്നിരിക്കുകയാണ്. 3 വർഷം കാലാവധിക്ക് ശേഷം ഒരു പുതിയ ഹിതപരിശോധന നടക്കുകയോ 6 മാസ കാലാവധി

പൂർത്തിയാക്കുകയോ ഏതാണ് ആദ്യം അതുവരെ കൂടി റെക്കഗ്നീഷൻ സർട്ടിഫിക്കറ്റിന് പ്രാബല്യമുണ്ടായിരിക്കുമെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പുതിയ ഹിതപരിശോധന നടന്നിട്ടില്ലാത്തതിൽ ഈ 6 മാസ കാലാവധി 02.02.2026 ന് പൂർത്തിയായ സ്ഥിതിക്ക് റെക്കഗ്നീഷൻ സർട്ടിഫിക്കറ്റ് അസാധു ആയിരിക്കുന്നു. ഈ സാഹചര്യത്തിൽ നിലവിൽ KSEB വർക്കേഴ്സ് അസ്സോസിയേഷൻ എന്ന സംഘടനയ്ക്ക് അംഗീകൃത സംഘടന എന്ന പരിഗണന തുടർന്നും നൽകുന്നതും ആ സംഘടനയെ മാത്രം കെ.എസ്.ഇ.ബി ലിമിറ്റഡ് വിളിക്കുന്ന സുപ്രധാന യോഗങ്ങളിലും സേഫ്റ്റി മീറ്റിംഗുകളിലും പങ്കെടുപ്പിക്കുന്നതും നിയമവിരുദ്ധമാണ്. ആയതിനാൽ അടുത്ത ഹിതപരിശോധന നടത്തി പുതിയ റെക്കഗ്നീഷൻ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതുവരെ കെഎസ്ഇബി ലിമിറ്റഡിലെ പ്രമുഖ രജിസ്ട്രേഡ് യൂണിയനുകളെയെല്ലാം കെഎസ്ഇബി ലിമിറ്റഡ് വിളിക്കുന്ന ട്രേഡ് യൂണിയൻ പ്രതിനിധികളുടെ എല്ലാ യോഗങ്ങളിലും പങ്കെടുപ്പിക്കണമെന്നും നിലവിൽ KSEB വർക്കേഴ്സ് അസ്സോസിയേഷൻ (CITU) എന്ന സംഘടനക്ക് ഏക അംഗീകൃത സംഘടന എന്ന പരിഗണന നൽകുന്നത് അവസാനിപ്പിക്കണമെന്നും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

| കെ.പി.ധനപാലൻ Ex.MP | അഡ്വ.സിബിക്കുട്ടി ഫ്രാൻസിസ് | ഷമീം നാട്യമംഗലം |
|---|---|---|
| പ്രസിഡന്റ് | വർക്കിംഗ് പ്രസിഡന്റ് | ജനറൽ സെക്രട്ടറി |

ELECTRICITY EMPLOYEES' CONFEDERATION Reg: No. 01-14/87 AFFL No 10486

**ഉള്ളടക്കം**

1. സൂചന (1) നിയമത്തിന്റെ പകർപ്പ്
2. ഫോറം (D) സർട്ടിഫിക്കറ്റിന്റെ പകർപ്പ്
3. ഫോറം (F) സർട്ടിഫിക്കറ്റിന്റെ പകർപ്പ്

**പകർപ്പ്**

1. ബഹു.ചീഫ് പേർസണൽ ഓഫീസർ, കെഎസ്ഇബി ലിമിറ്റഡ്, വൈദ്യുതി ഭവനം
2. ബഹു:ചീഫ് എഞ്ചിനീയർ (HRM), കെഎസ്ഇബി ലിമിറ്റഡ്, വൈദ്യുതി ഭവനം